# പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 994
## 11.7.2011 - ൽ മറുപടിയ്ക്ക്

<u>മത്സ്യത്തൊഴിലാളികൾ സഹകരണ ബാങ്കിൽ നിന്ന് എടുത്ത വായ്പ</u>

<u>ചോദ്യം</u> | <u>ഉത്തരം</u>

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സഹകരണബാങ്കിൽ നിന്ന് വായ്പ എടുത്ത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതിയുടെ ഭാഗമായി ഇതിനകം എത്ര തുക കടാശ്വാസമായി അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | (എ) | സഹകരണ സംഘങ്ങളിൽ/ ബാങ്കുകളിൽ നിന്നും വായ്പയെടുത്ത പത്തനംതിട്ട, ഇടുക്കി, എറണാകുളം, പാലക്കാട്, മലപ്പുറം, കാസർഗോഡ് ജില്ലകളിലെ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതിയുടെ ഭാഗമായി 44,37,96,234/- രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി സഹകരണ സംഘങ്ങളിൽ / ബാങ്കുകളിൽ നടപ്പാക്കുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ 1/2011, 12/2011 സർക്കുലറുകൾ പ്രകാരം സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിച്ചിരുന്നു. ടി സർക്കുലർ മാർഗ്ഗ നിർദ്ദേശങ്ങൾ സംഘത്തിൽ നടപ്പാക്കുന്നതിനെതിരെ മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി സർവ്വീസ് സഹകരണ ബാങ്ക് ബഹുമാനപ്പെട്ട കേരള |

<table>
<tr><td></td><td></td><td></td><td>ഹൈക്കോടതിയിൽ ഡബ്ല്യു.പി 5465/2011 ഫയൽ ചെയ്തിരുന്നു. ടി റിട്ട് പെറ്റീഷന്റെ ഇടക്കാല ഉത്തരവിൽ സർക്കുലർ മാർഗ്ഗ നിർദ്ദേശങ്ങൾ സംഘത്തിൽ നടപ്പാക്കുന്നത് താല്ക്കാലികമായി തടഞ്ഞ് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. ആകയാൽ ടി പദ്ധതിക്കായി സർക്കാർ അനുവദിച്ച് നൽകിയിരുന്ന 44,37,96,234/- രൂപയിൽ പരപ്പനങ്ങാടി സർവ്വീസ് സഹകരണ ബാങ്കിന്റെ ക്ലെയിമായ 2,12,21,545/- രൂപ കഴിച്ച് ബാക്കി 42,25,74,689/- രൂപ 10.6.2011 ന് സംഘങ്ങൾ / ബാങ്കുകൾക്ക് അനുവദിച്ച് സഹകരണ സംഘം രജിസ്ട്രാർ ഉത്തരവായിട്ടുണ്ട്.</td></tr>
<tr><td>(ബി)</td><td>ആകെ എത്ര പേർക്ക് ഇതിനകം കടാശ്വാസ ആനുകൂല്യം നല്കി; ഇവരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;</td><td>(ബി)</td><td>15988 പേർക്ക്<br>ജില്ല തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു.
<table>
<tr><th>ജില്ല</th><th>എണ്ണം</th><th>തുക</th></tr>
<tr><td>പത്തനംതിട്ട</td><td>28</td><td>855987</td></tr>
<tr><td>ഇടുക്കി</td><td>9</td><td>57371</td></tr>
<tr><td>എറണാകുളം</td><td>12559</td><td>338446484</td></tr>
<tr><td>പാലക്കാട്</td><td>92</td><td>697454</td></tr>
<tr><td>മലപ്പുറം</td><td>1404</td><td>50516661</td></tr>
<tr><td>കാസർഗോഡ്</td><td>1896</td><td>32000732</td></tr>
<tr><td>ആകെ</td><td>15988</td><td>422574689</td></tr>
</table>
</td></tr>
</table>

| | | | |
|---|---|---|---|
| (സി) | ഭാവിയിൽ ഈ പദ്ധതിയിൽ സഹകരണ ബാങ്കുകൾ വായ്പക്കാർക്കായി എന്തൊക്കെ ആനുകൂല്യങ്ങൾ നല്കും എന്ന് വിശദമാക്കുമോ? | (സി) | സാഹചര്യത്തിനനുസൃതമായി, ഭാവിയിൽ ഈ പദ്ധതിയെ സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ